File No.FWLD-A2/74/2018-FWLD

3978
26/2/19

കേരള സർക്കാർ

സംഗ്രഹം

പാലക്കാട് വനം ഡിവിഷൻ - കൊട്ടേക്കാട് ബീറ്റിൽ മലമ്പുഴ ആദിവാസി കോളനിക്ക് സമീപമുള്ള റിസർവ്വ് വനത്തിലെ അനധികൃത മരം മുറി - അച്ചടക്ക നടപടി - ശ്രീ.പി.വാസുദേവൻ, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട.) സമർപ്പിച്ച റിവ്യൂ ഹർജി തീർപ്പാക്കി - ഉത്തരവാകുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.390/2018/വനം   തീയതി,തിരുവനന്തപുരം, 29/08/2018

പരാമർശം:- 1 ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ 04.11.2014-ലെ ബി5-23957/2010 നമ്പർ കുറ്റപത്രം/കുറ്റാരോപണ പത്രിക.

2 ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ 28.01.2016-ലെ ബി5-23957/10 നമ്പർ ഉത്തരവ്.

3 പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ 27.11.2017-ലെ ബി5-23957/2010 നമ്പർ ഉത്തരവ്.

4 ശ്രീ.പി.വാസുദേവൻ, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറു (റിട്ട.) ടെ 30.05.2017-ലെ റിവ്യൂ ഹർജി.

ഉത്തരവ്

പാലക്കാട് വനം ഡിവിഷൻ, വാളയാർ റെയിഞ്ചിൽ കൊട്ടേക്കാട് ബീറ്റിൽ മലമ്പുഴ ആദിവാസി കോളനിക്ക് സമീപമുള്ള റിസർവ്വ് വനത്തിൽ നിന്നും അനധികൃതമായി ഒരു ലക്ഷം രൂപ വിലയുള്ള തേക്ക്, ഇരുൾ, ചടച്ചി തുടങ്ങിയ പലജാതി മരങ്ങൾ മുറിച്ചുകടത്തിയതായുള്ള പരാതി അന്വേഷണം നടത്തിയതിൽ വാളയാർ റെയിഞ്ചിലെ ശ്രീ.പി.വാസുദേവൻ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ

ഉൾപ്പെടെ 5 ഉദ്യോഗസ്ഥർ കുറ്റക്കാരാണെന്ന് കണ്ടെത്തുകയുണ്ടായി. തുടർന്ന് ടിയാന്മാർക്ക് ലഘു ശിക്ഷയ്ക്കുള്ള കുറ്റപത്രം/കുറ്റാരോപണപത്രിക പരാമർശം (1) പ്രകാരം നൽകി ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് തലത്തിൽ അച്ചടക്കനടപടി ആരംഭിച്ചു. ശ്രീ.പി.വാസുദേവൻ സമർപ്പിച്ച പ്രതിവാദ പത്രിക പരിശോധിച്ച് 12.06.2015-ൽ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യമില്ലാതെ ഒരു വർഷത്തേയ്ക്ക് തടയുന്നതിന് താൽക്കാലികമായി തീരുമാനിച്ചുകൊണ്ട് കാരണം കാണിക്കൽ നോട്ടീസ് നൽകി. പ്രസ്തുത കാരണം കാണിക്കൽ നോട്ടീസിന്റെ വിശദീകരണം വിശദമായി പരിശോധിക്കുകയും കാരണം കാണിക്കൽ നോട്ടീസിലെ താൽക്കാലിക തീരുമാനത്തിൽ ഇളവ് വരുത്തി ടിയാന്റെ ഒരു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിത ഫലപ്രാബല്യമില്ലാതെ മൂന്ന് മാസത്തേയ്ക്ക് തടഞ്ഞ് പരാമർശം (2) പ്രകാരം അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചു. പ്രസ്തുത ഉത്തരവ് കൈപ്പറ്റി ഏതാണ്ട് ഒന്നരവർഷം കഴിഞ്ഞ് ടിയാൻ വിരമിക്കുന്ന മാസത്തിൽ ഇതിനെതിരെ അപ്പീൽ അപേക്ഷ സമർപ്പിക്കുകയും തുടർന്ന് പരാമർശം (3) പ്രകാരം ടിയാന്റെ അപ്പീൽ അപേക്ഷ നിരസിച്ചുകൊണ്ട് ഉത്തരവാകുകയുണ്ടായി.

2)പ്രസ്തുത ഉത്തരവുകൾക്കെതിരെ പരാമർശം (4) പ്രകാരം ശ്രീ.പി.വാസുദേവൻ സർക്കാരിൽ റിവ്യൂ ഹർജി സമർപ്പിച്ചു. വാളയാർ റെയിഞ്ചിൽ അകത്തേത്തറ സെക്ഷനിൽ ജോലിനോക്കി വരവെ ശ്രീ.പി.വാസുദേവന് 33 ദിവസത്തേയ്ക്ക് കൊട്ടേയ്ക്കാട് സെക്ഷന്റെ കൂടി അഡീഷണൽ ചാർജ് നൽകിയിരുന്നു. ടിയാൻ ചാർജ് ഏറ്റെടുക്കുന്നതിന് മുൻപ് ഉണ്ടായ കുറ്റകൃത്യത്തിൽ, അന്വേഷണം നടത്തുകയും പ്രതികളെ കണ്ടെത്തുകയുമുണ്ടായി. എന്നാൽ ടിയാനെ പ്രതിപട്ടികയിലുൾപ്പെടുത്തി മൂന്നുമാസത്തേയ്ക്ക് വാർഷിക ഇൻക്രിമെന്റ് തടഞ്ഞ് അച്ചടക്ക നടപടി തീർപ്പാക്കിയെങ്കിലും വിരമിക്കുന്നതുവരെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഇക്കാര്യത്തിൽ അനന്തരനടപടി സ്വീകരിക്കുകയുണ്ടായില്ല. പെൻഷൻ അനുവദിക്കുന്ന വിഷയത്തിലെ അക്കൗണ്ടന്റ് ജനറലിന്റെ ചോദ്യത്തിനുള്ള ഉത്തരമായി സർവ്വീസിലെ അവസാനത്തെ മൂന്നുമാസം വാർഷിക വേതന വർദ്ധനവ് തടഞ്ഞതായി രേഖയുണ്ടാക്കി സമർപ്പിക്കുകയും തൽഫലമായി ശരാശരി ശമ്പളം കുറഞ്ഞതായി വരുത്തിതീർക്കുകയും അത് കമ്മ്യൂട്ടേഷനിൽ പ്രതിഫലിക്കുകയും ടി തുക കുറച്ചുള്ള പെൻഷൻ അനുവദിക്കപ്പെടുകയുമാണുണ്ടായത്. ആയതിനാൽ ഈ വിഷയം പുനഃ പരിശോധിക്കണമെന്നതായിരുന്നു റിവ്യൂ ഹർജിയിൽ ആവശ്യപ്പെട്ടത്.

3)പ്രസ്തുത റിവ്യൂ ഹർജിയും, ആയതിന് ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സമർപ്പിച്ച അഭിപ്രായവും, ടിയാനെ നേരിൽ കേട്ടപ്പോഴുന്നയിച്ച വാദവും, സർക്കാർ വിശദമായി പരിശോധിച്ചു.

4)കുറ്റാരോപണ പത്രിക പ്രകാരം 5 കുറ്റങ്ങളാണ് ടിയാനെതിരെ ആരോപിക്കപ്പെട്ടിരുന്നത്. 33 ദിവസത്തെ അധിക ചാർജ്ജ് വഹിച്ചുവെന്ന യാഥാർത്ഥ്യത്തിനുമുൻപിൽ ടി ആരോപണങ്ങളൊന്നും തന്നെ നിലനിൽക്കുന്നതല്ല എന്നു സർക്കാർ വിലയിരുത്തുന്നു. അച്ചടക്ക നടപടി തീർപ്പാക്കിയ വേളയിൽ ശ്രീ.വാസുദേവന്റെ ഭാഗത്തുനിന്നും കേസന്വേഷണത്തിൽ ഗൗരവതരമായ വീഴ്ച സംഭവിച്ചതായി കാണുന്നില്ല എന്ന നിഗമനത്തിലാണ് ശിക്ഷ ലഘൂകരിച്ച് നൽകിയത്. 28.01.2016-ൽ അച്ചടക്ക നടപടിയിൽ അന്തിമ തീരുമാനമുണ്ടായെങ്കിലും 31.05.2017-ൽ ടിയാൻ വിരമിക്കുന്നതുവരെ യാതൊരു തുടർ നടപടിയും സ്വീകരിക്കുകയുണ്ടായില്ല. ടിയാന് ശിക്ഷ നൽകിയ നടപടി തികച്ചും അനുചിതമാണെന്നും സർക്കാർ വിലയിരുത്തുന്നു. ശിക്ഷിക്കാൻ വേണ്ടി മാത്രം ശിക്ഷ നൽകിയ ഈ നടപടി ന്യായീകരിക്കാത്തക്കതല്ല.

5)മേൽ സാഹചര്യത്തിൽ ഈ വിഷയത്തിൽ ശ്രീ.പി.വാസുദേവൻ, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറി (റിട്ട.)-നെ പൂർണ്ണമായും കുറ്റവിമുക്തനാക്കി ടിയാന്റെ റിവ്യൂ ഹർജി തീർപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷീല എം
അണ്ടർ സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.പി.വാസുദേവൻ, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട.)

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ